(ഇ) ഡിപ്ലോ എൻജിനീയർമാരുടെ നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊടുത്തിട്ടില്ല. 7-5-1981-ൽ ജി.ഒ. (എം. എസ്.) നം. 148/81/ജി.എ.ഡി. ഗവൺമെന്റ് ഉത്തരവ് പ്രകാരം 700 രൂപയ്ക്ക് മുകളിൽ അടിസ്ഥാന ശമ്പളമുള്ള തസ്തികകൾ പി.എസ്.സി.-യുടെ നിയമന പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ഉത്തരവ് കെ.എസ്.ആർ.ടി.സി.-യ്ക്കും ബാധകമാണ് എന്ന് ഗവൺമെന്റ് അറിയിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഫോർമാന്റെ (ഡിപ്ലോ എൻജിനീയർ) അടിസ്ഥാന ശമ്പളം 700 രൂപയ്ക്ക് മുകളിലാണ്. ഈ സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കാനാണ് നേരിട്ടുള്ള നിയമനത്തിൽനിന്നും പി.എസ്.സി.-യെ ഒഴിവാക്കിയത്.

## കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റ് നിയമനം

118 [3127] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് കാലാവധി അവസാനിക്കുമെന്ന് വ്യക്തമാക്കുമോ; നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ തസ്തികയിലേയ്ക്ക് 1998-ലെ പി. എസ്. സി. വിജ്ഞാപനം അനുസരിച്ച് എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത്; ലിസ്റ്റ് നിലവിൽ വരുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു;

(സി) റാങ്ക്‌ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റെന്തെങ്കിലും മാർഗ്ഗത്തിലൂടെ നിയമനങ്ങൾ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വർക്ക് അസിസ്റ്റന്റ് തസ്തികയുടെ പ്രമോഷൻ തസ്തികയായ മെക്കാനിക് തസ്തികയിലേക്ക് ഇപ്പോൾ ഏതെങ്കിലും തരത്തിൽ നേരിട്ടുള്ള നിയമനങ്ങൾ സ്ഥിരമായോ താൽക്കാലികമായോ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) മെക്കാനിക് നിയമനം ഇങ്ങനെ നടത്തിയിട്ടുണ്ടെങ്കിൽ ഏത് സർക്കാർ ഉത്തരവ്പ്രകാരമാണെന്ന് വ്യക്തമാക്കുമോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്. കാലാവധി അവസാനിക്കുന്ന തീയതി കെ.സ്.ആർ.ടി.സി.-യിൽ ലഭ്യമല്ല. അഡ്വൈസ് മെമ്മോ ലഭിച്ച 276 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) 976 ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്. ലിസ്റ്റ് നിലവിൽ വന്നപ്പോൾ 276 ഒഴിവുകളേ ഉണ്ടായിരുന്നുള്ളു.

(സി) ഉണ്ട്. ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസമുണ്ടായപ്പോൾ ഒരു ഷെഡ്യൂളിന് 0.6 എന്ന അനുപാതത്തിൽ കുറവ് വന്നവർക്ക് അസിസ്റ്റന്റുമാരെ താൽക്കാലികമായി ദിവസക്കൂലി ഇനത്തിൽ നിയോഗിച്ചു. പി.എസ്.സി. വഴി നിയമനം നടത്തിയ ഉദ്യോഗാർത്ഥികൾ ജോലിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നതാണ്.

(ഡി) വർക്ക് അസിസ്റ്റന്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികയായ മെക്കാനിക്ക് തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല. എന്നാൽ വർക്ക് അസിസ്റ്റന്റ് ഗ്രേഡിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ ചിലരെ മെക്കാനിക്കിന്റെ ജോലിക്കായി നിയോഗിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ വർക്ക് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

119 [3128] ശ്രീ. സി. ടി. അഹമ്മദ് അലി:
" വി. കെ. ഇബ്രാഹിംകുഞ്ഞ്:
" സി. മമ്മൂട്ടി:
" സി. മോയിൻകുട്ടി:
" കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) അഡ്വൈസ് മെമ്മോ നൽകിയവർക്ക് അടിയന്തിരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1997-ൽ, 976 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പുതിയ ബസ്സുകൾ കൂടുതലായി നിരത്തിലിറക്കുകയും, മിനിബസ്സുകൾക്കും, സൂപ്പർ ക്ലാസ്സ് ബസ്സുകൾക്കും Annual Maintenance Contract (A.M.C.) ഉള്ളതുകൊണ്ടും വർക്ക് അസിസ്റ്റന്റ്മാരുടെ ഒഴിവുകൾ പുനർനിർണ്ണയം ചെയ്യേണ്ടിവന്നു. ഇക്കാര്യം പി.എസ്.സി.-യുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ഒഴിവുകളുടെ എണ്ണം 276 ആയി നിജപ്പെടുത്തി അറിയിക്കുകയുമുണ്ടായി.

(ബി) അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ള 276 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly